## പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. **1819** **05.10.2016**-ൽ മറുപടിയ്ക്ക്

## നായാടി സമുദായാംഗങ്ങൾക്ക് ആനുകൂല്യം

| ചോദ്യം: | | ഉത്തരം: | |
|---|---|---|---|
| ശ്രീമതി.പി. അയിഷാ പോറ്റി | | ശ്രീ.എ.കെ.ബാലൻ (പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പ മന്ത്രി) | |
| (എ) | കൊട്ടാരക്കര താലൂക്കിൽ മൈലം വില്ലേജിൽപെട്ട നായാടി സമുദായാംഗങ്ങൾക്ക് ലഭിച്ചുകൊണ്ടിരുന്ന പട്ടികജാതി ആനുകൂല്യം നിഷേധിച്ചതിനാൽ സമുദായാംഗങ്ങൾ നേരിടുന്ന പ്രയാസങ്ങൾ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ; | (എ) | മൈലം വില്ലേജിൽ 'നായാടി' വിഭാഗക്കാരാണെന്ന അവകാശമുന്നയിച്ച ഒരു വിഭാഗത്തിന് പ്രസ്തുത ജാതി സർട്ടിഫിക്കറ്റ് അനുവദിക്കാത്തകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | പരമ്പരാഗതമായി നായാടി വിഭാഗത്തിൽപ്പെടുകയും പട്ടികജാതി ആനുകൂല്യം ലഭിച്ചിരുന്നതുമായ ഈ വിഭാഗക്കാർക്ക് പ്രസ്തുത ആനുകൂല്യം നിഷേധിച്ച തീരുമാനം പുന:പരിശോധിക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന വ്യക്തമാക്കുമോ? | (ബി) | കൊല്ലം ജില്ലയിലെ കൊട്ടാരക്കര താലൂക്കിലെ മൈലം പ്രദേശത്തെ "നായാടി" അവകാശവാദം ഉന്നയിക്കുന്നവർ യഥാർത്ഥത്തിൽ "കൊടാങ്കി നായ്ക്കൻ" സമുദായത്തിൽ ഉൾപ്പെട്ടവരാണെന്ന കിർത്താഡ്സ് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ 11.11.13-ലെ G.O(Rt)No.1579/13/SCSTDD പ്രകാരം ടിയാളുകളുടെ പട്ടികജാതി പദവിയും മറ്റാനുകൂല്യങ്ങളും നിരസിച്ചിട്ടുണ്ട്. കിർത്താഡ്സ് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഈ വിഭാഗത്തെ മറ്റ് പിന്നോക്ക വിഭാഗ ലിസ്റ്റിൽ ഉൾപ്പെടുത്താൻ നടപടികൾ സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ